LIBRARY ARCHIVES Kerala Legislative Assembly

കോവിഡ്-19 പശ്ചാത്തലത്തിൽ, 2020 ജനുവരി ഒന്ന് മുതൽ 2020 മേയ് 5 വരെ വിദേശ രാജ്യങ്ങളിൽനിന്നും സാധുവായ പാസ്പോർട്ട്/തൊഴിൽ വിസ എന്നിവയുമായി നാട്ടിൽ തിരിച്ചെത്തി ലോക്ഡൗൺ കാരണം തൊഴിലിടങ്ങളിലേയ്ക്ക് തിരികെപോകാൻ കഴിയാത്തവർക്ക് 5,000 രൂപ വീതം അടിയന്തര ധനസഹായം നൽകുകയും കോവിഡ് ബാധിച്ച പ്രവാസികൾക്ക് നോർക്ക റൂട്ട്സ് മുഖേനയും പ്രവാസി ക്ഷേമനിധി ബോർഡിന്റെ അംഗത്വമുള്ളവർക്ക് പ്രവാസി ക്ഷേമനിധി ബോർഡ് മുഖേനയും 10,000 രൂപ വീതം ധനസഹായം അനുവദിക്കുകയും ചെയ്തു. കൂടാതെ, കോവിഡ്-19 മഹാമാരിയുടെ ആദ്യഘട്ടത്തിൽ പ്രവാസി ക്ഷേമനിധി പെൻഷൻകാർക്ക് 1,000 രൂപ വീതം ധനസഹായം നൽകുകയും, അംശദായം കുടിശ്ശിക വരുത്തി ക്ഷേമനിധി അംഗത്വം റദ്ദായവർക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് ചുമത്തിയിരുന്ന പിഴയും പിഴപ്പലിശയും 6 മാസക്കാലത്തേയ്ക്ക് ഒഴിവാക്കി നൽകുകയും ചെയ്തു. കോവിഡ്-19 പശ്ചാത്തലത്തിൽ നാട്ടിലേക്കെത്തിയ പ്രവാസികൾക്ക് എയർപോർട്ടുകളിൽ RTPCR ടെസ്റ്റ് സൗജന്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

മുൻഗണനാ റേഷൻ കാർഡ്

25(*145) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) അനർഹർ കൈവശം വച്ചുവരുന്ന മുൻഗണനാ റേഷൻ കാർഡുകൾ സ്വമേധയാ തിരിച്ചേല്പിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി, മുൻഗണനാ റേഷൻകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ ശിക്ഷാനടപടികളോ കൂടാതെ പ്രസ്തുത കാർഡ് തിരിച്ചേൽപ്പിക്കുന്നതിന് 15-7-2021 വരെ സമയം അനുവദിച്ചിരുന്നു. ഇപ്രകാരം തിരിച്ചേൽപ്പിച്ച മുൻഗണനാ/മുൻഗണനേതര സബ്സിഡി കാർഡുകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്:

LIBRARY ARCHIVES Kerala Legislative Assembly

ഇനം	എണ്ണം
എ.എ.വൈ.	10018
പി.എച്ച്.എച്ച്.	64761
മുൻഗണനേതര സബ്സിഡി	48775
ആകെ	123554

ഇപ്രകാരം മുൻഗണനാ വിഭാഗത്തിൽ വന്ന ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) മുൻഗണനാ മാനദണ്ഡങ്ങളിൽ ചെറിയ വ്യത്യാസം വരുന്നതുമൂലം മുൻഗണനാ പട്ടികയിൽനിന്നും പുറത്താകുന്ന തുടർചികിത്സ ആവശ്യമുള്ള രോഗികളുടെ കുടുംബങ്ങളെ പ്രസ്തുത പട്ടികയിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മുൻഗണന പട്ടികയിലെ അനർഹരെ കണ്ടെത്തി ഒഴിവാക്കുമ്പോൾ, അത്തരം കാർഡുടമകൾ എതെങ്കിലും ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ടി ട്ടുണ്ടെങ്കിലും ഭിന്നശേഷി, സാമ്പത്തിക പിന്നോക്കാവസ്ഥ, ശാരീരിക അവശത എന്നിവയിലേതെങ്കിലും കാരണത്താൽ മുൻഗണനയ്ക്ക് അർഹരെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിക്കുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ) നമ്പർ 319/2020/ഭ.പൊ.വി.വ. (അനുബന്ധം ആയി ചേർക്കുന്നു)* പ്രകാരം പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ എന്നിവർ അംഗങ്ങളായുള്ള കുടുംബങ്ങൾക്ക് ചികിത്സാസഹായം ലഭിക്കുന്നതിന് മുൻഗണനാ കാർഡുകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയതോടനുബന്ധിച്ച് ഏറ്റവും അർഹരായ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി നിലവിലുള്ള മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലാത്തതും ഗുരുതരമായ ശാരീരിക, മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടുന്നതുമായ കുടുംബങ്ങളെ പരിശോധിച്ച് മുൻഗണനയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഭിന്നശേഷിവിഭാഗത്തെ മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് വെയിറ്റേജ് അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. ഇതിനുപുറമേ മുൻഗണനേതര വിഭാഗത്തിൽപ്പെട്ട ഗുരുതര രോഗബാധിതർക്ക് മുൻഗണനാ വിഭാഗത്തെപ്പോലെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചികിത്സ ആനുകൂല്യം ലഭ്യമാക്കുന്നതിന് "സ്റ്റേറ്റ് പ്രയോറിറ്റി" സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) തിരിച്ചേല്പിക്കുന്ന റേഷൻ കാർഡുകൾ അർഹരായവർക്ക് നൽകുന്ന നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അനർഹമായ എ.എ.വൈ., മുൻഗണനാ റേഷൻകാർഡുകൾ സറണ്ടർ ചെയ്തതിലൂടെ മുൻഗണനാ പട്ടികയിൽവന്ന ഒഴിവുകളിലേയ്ക്ക് താലൂക്ക് തലത്തിൽ അദാലത്ത് നടത്തി, ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ അർഹരായവരുടെ പട്ടിക തയ്യാറാക്കുന്ന നടപടികൾ എല്ലാ താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിലും പുരോഗമിച്ചുവരുന്നു.

ജനപ്രതിനിധികൾ ഉൾപ്പെട്ട ക്രിമിനൽ കേസ്സുകൾ

26(*146) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുൾപ്പെടെയുള്ള ജനപ്രതിനിധികൾ പ്രതികളായ ക്രിമിനൽ കേസ്സുകൾ പിൻവലിക്കാൻ സർക്കാർ നയപരമായ തീരുമാനം എടുത്തിട്ടുണ്ടോയെന്നറിയിക്കാമോ?

ഇല്ല; ക്രിമിനൽ കേസ്സുകൾ പിൻവലിക്കുന്നതിനായി സർക്കാരിൽ ലഭ്യമാകുന്ന അപേക്ഷകളിൽ ഓരോ കേസും പ്രത്യേകം പരിശോധിച്ചശേഷം ക്രിമിനൽ നിയമസംഹിതയിലെ 321-ാം വകുപ്പുപ്രകാരം ഉചിതമെങ്കിൽ കോടതിയുടെ അനുമതിയോടെ പിൻവലിക്കുന്നതിൽ എതിർപ്പില്ലായെന്ന് ജില്ലാകളക്ടറെ അറിയിക്കുകയാണ് ചെയ്തുവരുന്നത്.

(ബി) 2015-ൽ നിയമസഭയിൽ നടന്ന കയ്യാങ്കളിയുമായി ബന്ധപ്പെട്ട ക്രിമിനൽ കേസ്സുകൾ പിൻവലിക്കുന്നതിന് സുപ്രീം കോടതിയിൽ ഹർജി നൽകിയിട്ടുണ്ടോ?

മ്യൂസിയം പോലീസ് സ്റ്റേഷനിൽ 236/2015 ക്രൈം നമ്പരായി രജിസ്റ്റർ ചെയ്തതും തിരുവനന്തപുരം ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സി.സി.790/2016-ാം നമ്പരായി നിലവിലുള്ളതുമായ കേസ്സ് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly